**ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ അവതരിപ്പിച്ച ഐ. ടി. മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അനൗദ്യോഗിക പ്രമേയം- നിയമസഭാ വെബ്സൈറ്റിൽ നൽകുന്നതിനുള്ള ചോദ്യാവലി.**

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വികസന മേഖലയാണ് വിവരസാങ്കേതിക വിഭാഗം. സാങ്കേതിക പരിജ്ഞാനമുള്ള ലക്ഷക്കണക്കിന് ആൾക്കാർ തങ്ങളുടെ ഉപജീവനാർത്ഥം ഇന്ത്യയിൽ ഈ മേഖലയിൽ ജോലിയെടുക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അടിത്തറ ശക്തമാക്കുന്നതിൽ ഈ മേഖലയിൽ നിന്നുള്ള സംഭാവന ചെറുതല്ല. സാമ്പത്തികം, സാമൂഹ്യം, സാങ്കേതികം, നിർമ്മാണം തുടങ്ങിയ വിവിധ രംഗങ്ങളിൽ മുന്നേറ്റം സാധ്യമാക്കുന്നതിന് ഐ. ടി. മേഖല ഗണ്യമായ സ്വാധീനം ചെലുത്തുന്നു.

എന്നാൽ അടുത്ത കാലത്തായി ഈ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ അവിടങ്ങളിലെ ജീവനക്കാരുടെ ജോലി സുരക്ഷയും സാമൂഹ്യ സുരക്ഷയും ഭീഷണി ഉയർത്തുന്നു. നമ്മുടെ സംസ്ഥാനവും ഈ ഭീഷണിയിൽ നിന്നും മുക്തമല്ല. ഐ. ടി. സ്ഥാപനങ്ങളിൽ നടക്കുന്ന കൂട്ടപ്പിരിച്ചുവിടലുകൾ, Performance Rating എന്ന പേരിൽ നടക്കുന്ന ശമ്പളം വെട്ടിക്കുറയ്ക്കൽ, വിശ്രമമില്ലാതെ അധികം സമയം ജോലി ചെയ്യിപ്പിക്കുക, സ്ത്രീകൾ നേരിടുന്ന സുരക്ഷാ ഭീഷണി തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, സന്നദ്ധസംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള അഭിപ്രായം, നിർദ്ദേശം, പരാതി എന്നിവ സ്വരൂപിക്കുന്നതിനായി ചോദ്യാവലി പ്രസിദ്ധപ്പെടുത്തുന്നു. മറുപടി ഇ-മെയിലായോ, അണ്ടർ സെക്രട്ടറി, പി. എം. ബി. ആർ. കമ്മിറ്റി സെക്ഷൻ, റൂം നമ്പർ 408, നിയമസഭാ മന്ദിരം, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 695033 എന്ന മേൽവിലാസത്തിലോ 2018 മാർച്ച് 31-നു മുമ്പായി അറിയിക്കുക. E-mail id - secretary@niyamasabha.nic.in

1 കേരളത്തിൽ നിലവിലുള്ള ഐ.ടി. നയം സംബന്ധിച്ച വിഷയങ്ങളിൽ എത്രമാത്രം ബോധവാനാണ്; എങ്കിൽ ഈ നയമനുസരിച്ചാണോ കേരളത്തിലെ ഐ. ടി. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് അഭിപ്രായമുണ്ടോ?

2 ഐ.ടി. മേഖലയയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നയം പാലിക്കപ്പെടാറുണ്ടോ?

3 ജീവനക്കാരെ മുന്നറിയിപ്പ് കൂടാതെ കൂട്ടപ്പിരിച്ചുവിടൽ നടത്തിയത് ഏതൊക്കെ സ്ഥാപനങ്ങളാണ്; സ്ഥാപനത്തിന്റെ പേര്, ജില്ല എന്നിവ സഹിതം വ്യക്തമാക്കാമോ;

4 വിവിധ കമ്പനികളിൽ നിന്നും ഇതുവരെ എത്ര ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ട് എന്നതു സംബന്ധിച്ച കണക്ക് ലഭ്യമാണെങ്കിൽ വിശദമാക്കാമോ?

5 എന്തൊക്കെ കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് performance rating നിർണ്ണയിക്കുന്നത്?

6 ജോലിക്ക് നിയമിക്കുമ്പോൾ കൈവരിക്കേണ്ട ടാർഗറ്റ് സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ വയ്ക്കാറുണ്ടോ?

7 എന്തു മാനദണ്ഡമനുസരിച്ചാണ് പിരിച്ച് വിടുന്നത് എന്ന് ഐ.ടി. കമ്പനികൾ അറിയിക്കാറുണ്ടോ

8 (a) പിരിച്ച് വിടുന്നതിന് മുൻകൂർ നോട്ടീസ് നൽകാറുണ്ടോ?

(b) പിരിച്ചുവിടുന്ന ജീവനക്കാർക്ക് സേവനകാലാവധിക്കനുസൃതമായി ആനുകൂല്യം, experience certificate എന്നിവ നൽകാറുണ്ടോ? Industrial Dispute Act പ്രകാരമാണോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും മാനദണ്ഡമനുസരിച്ചാണോ ജീവനക്കാരെ പിരിച്ചുവിടുന്നതെന്ന് വിശദമാക്കാമോ?

9 മാനസിക സമ്മർദ്ദമുണ്ടാക്കി നിർബന്ധപൂർവ്വം ജോലി ചെയ്യിപ്പിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ;

10 40 വയസ്സ് കഴിഞ്ഞ ജീവനക്കാരെ ജോലിയിൽ നിന്നും മനപ്പൂർവ്വം പിരിച്ച് വിടുന്ന പ്രവണത ഈ മേഖലയിൽ നിലനിൽക്കുന്നുണ്ടോ?

11 ഇപ്രകാരം ഒരു കമ്പനിയിൽ നിന്നും പിരിച്ചുവിടപ്പെടുന്ന പ്രൊഫഷണലുകൾക്ക് പുതിയ ജോലി ലഭിക്കുന്നതിനുസാധ്യതയുണ്ടോ?

12 അധിക ജോലി (Over time)ചെയ്യേണ്ട സാഹചര്യത്തിൽ അതിനു അർഹമായ പ്രതിഫലം നൽകാറുണ്ടോ?

13 കമ്പനി ലാഭത്തിലാണെങ്കിൽ incentive നൽകുന്ന സംവിധാനം ഏതെങ്കിലും കമ്പനി നടപ്പിലാക്കിയിട്ടുണ്ടോ?

14 അടിസ്ഥാനപരമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

15(a) സ്ത്രീ ജീവനക്കാർക്ക് പ്രസവാവധി നൽകാറുണ്ടോ; എങ്കിൽ എത്ര നാളത്തേക്ക്? ഈ കാലയളവിൽ അവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാറുണ്ടോ?

(b) ജീവനക്കാരുടെ കുട്ടികൾക്കായി creche ഏർപ്പെടുത്തിയിട്ടുണ്ടോ;

16 അവധി എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; കുടുംബം/കുട്ടികൾ എന്നിവരുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യത്തിൽ അവധി അനുവദിക്കുന്നതിൽ മാനുഷിക പരിഗണന ലഭിക്കാറുണ്ടോ? കമ്പനി വക ചെലവിൽ ജീവനക്കാർക്കായി വിനോദയാത്ര സംഘടിപ്പിക്കാറുണ്ടോ?

17 രാത്രികാലങ്ങളിൽ (night duty)ജോലിയെടുക്കുന്ന സ്ത്രീകൾക്ക് പ്രായോഗികമായി എന്തെല്ലാം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നു?

18 രാത്രികാല യാത്രകളിൽ സ്ത്രീ ജീവനക്കാരുടെ സുരക്ഷാ ക്രമീകരണങ്ങൾ കമ്പനി ഉറപ്പുവരുത്താറുണ്ടോ ഇക്കാര്യത്തിൽ എന്തെല്ലാം സൗകര്യങ്ങൾ നൽകി വരുന്നുണ്ട്?

19 ഈ മേഖലയിൽ ജോലിയെടുക്കുന്ന ജീവനക്കാർ എന്തൊക്കെ സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങളാണ് നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

20 ജീവനക്കാരുടെ നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിന് ഐ. ടി. കമ്പനികൾ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്?

21 പുതുതായി നിയമിക്കപ്പെടുന്ന ഐ. ടി. പ്രൊഫഷണലുകൾക്ക് തുച്ഛമായ ശമ്പളം മാത്രമേ നൽകുന്നുള്ളൂ എന്നത് വാസ്തവമാണോ; Minimum Wages സംബന്ധിച്ച ഒരു കമ്മിറ്റിയെ ഐ. ടി. മേഖലയിൽ നിയമിച്ചിട്ടുണ്ടോ?